പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3297 — 19.06.2019 ൽ മറുപടിയ്ക്ക്

# ആശ്രിത നിയമനത്തിന് തസ്തികകൾ നീക്കിവയ്ക്കൽ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിൽ ആശ്രിത നിയമനത്തിന് തസ്തികകൾ നീക്കിവയ്ക്കുവാൻ ഉത്തരവായിട്ടുണ്ടോ; | (എ) യും (ബി) യും | പഞ്ചായത്ത് വകുപ്പിൽ 2010 മുതൽ 2019 വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ 5% കണക്കാക്കി 256 തസ്തികകൾ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നതിനും പ്രസ്തുത ഒഴിവുകളിൽ നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ പഞ്ചായത്ത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ പാടില്ല എന്നും സർക്കാരിന്റെ 04.04.2019 ലെ 2210880/സി.ഇ.സി.2/2018/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എത്ര തസ്തികകളാണ് ഇപ്രകാരം ആശ്രിത നിയമനത്തിനായി നീക്കിവച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (സി) | ഇപ്രകാരം തസ്തികകൾ കൂട്ടത്തോടെ നീക്കിവയ്ക്കുന്നത് പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കില്ലേ എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്? | (സി) | നിലവിലെ മാനദണ്ഡപ്രകാരമാണ് ആകെ ഒഴിവുകളുടെ 5% ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നത് എന്നതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

Danya MJ

സെക്ഷൻ ഓഫീസർ

3502146/2019/LSGD(OS)

**കേരള സർക്കാർ**

നം.2210880/സി.ഇ.സി2/2018/പൊ.ഭ.വ

പൊതുഭരണ (സി.ഇ.സെൽ) വകുപ്പ്
തിരുവനന്തപുരം.
തീയതി **04.04.2019**

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്
പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം: പൊതുഭരണ(സി ഇ സെൽ) വകുപ്പ്- ആശ്രിത നിയമനം നൽകുന്നത് - സംബന്ധിച്ച്

സൂചന: 1) 24.05.1999 ലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
2) താങ്കളുടെ 23.02.2019 ലെ ഇ 14-47175/13 നമ്പർ കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. പഞ്ചായത്ത് വകുപ്പിൽ 2010 മുതൽ 2018 വരെയുളള കാലയളവിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്ത 5098 തസ്തികകളുടെ 5% ആയ 256 തസ്തികകൾ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ഈ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി 256 തസ്തികകളിൽ ഈ വകുപ്പ് വഴി നിയമന നടപടികൾ പൂർത്തിയാകുന്നതു വരെ പഞ്ചായത്ത് വകുപ്പിലെ എൽ ഡി ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ പാടില്ല എന്നറിയിക്കുന്നു

വിശ്വസ്തതയോടെ,
**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Danjo M
സെക്ഷൻ ഓഫീസർ